# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.514 — 19.05.2017 ന് മറുപടിയ്ക്ക്.

## ഇക്കോ ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.റോജി എം.ജോൺ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അടൂർ പ്രകാശ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഇക്കോ ടൂറിസത്തിന് പ്രാധാന്യം നൽകുന്ന എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (എ) ഇക്കോ ടൂറിസത്തിന് പ്രാധാന്യം നൽകുന്നതിനായി ഇക്കോടൂറിസം കേന്ദ്രങ്ങളിലെ സന്ദർശക സുരക്ഷ ശക്തമാക്കൽ, പരിസ്ഥിതി വിദ്യാഭ്യാസത്തിന് ഊന്നൽ നൽകൽ, തദ്ദേശീയരായ വനാശ്രിത സമൂഹത്തിന് കൂടുതൽ വരുമാനം ലഭ്യമാക്കാൻ പരിശീലനം നൽകൽ, സന്ദർശകർക്ക് താമസ സൗകര്യത്തിനായി വനത്തിനു പുറത്തും, വനാതിർത്തിയിലും സൗകര്യങ്ങൾ ഒരുക്കൽ എന്നീ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ഇക്കോ ടൂറിസം നടപ്പാക്കുന്ന വനമേഖലയിൽ പരിസ്ഥിതി ആഘാത പഠനം നടത്തുവാനും നടപടി സ്വീകരിച്ചു. കൂടാതെ തിരുവനന്തപുരം ജില്ലയിൽ കോട്ടൂരിൽ നിലവിലുള്ള ആന പുനരധിവാസ കേന്ദ്രം അന്തർദേശീയ നിലവാരത്തിൽ വികസിപ്പിക്കുന്നതിന് 105 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ദേശീയ കരട് വന നിയമത്തിൽ ഇക്കോ ടൂറിസം മാതൃകകൾ പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നിബന്ധനകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (ബി) പരിസ്ഥിതി ആഘാതം കുറച്ചും, പ്രകൃതി സംരക്ഷണത്തിനും, ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിയും, തദ്ദേശീയ സമൂഹത്തിന്റെ ജീവനോപാധി വർദ്ധിപ്പിച്ചും, ഉത്തരവാദിത്വ ടൂറിസം തത്വങ്ങൾ ഉറപ്പുവരുത്തിയും വന്യജീവികൾക്കും, അവയുടെ ആവാസ വ്യവസ്ഥയ്ക്കും ദോഷകരമാവാത്ത വിധത്തിലും, തദ്ദേശീയ ജനങ്ങൾക്ക് പരമാവധി വരുമാനം ഉണ്ടാകുന്ന വിധത്തിലും ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കാനാണ് കരട് ദേശീയ വന നയത്തിൽ നിർദ്ദേശിച്ചിരിക്കുന്നത്. |
| (സി) ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കോ ടൂറിസത്തിനായി ഒരു നയം രൂപീകരിക്കുമോ; വിശദമാക്കുമോ? | (സി) സംസ്ഥാനത്തിന്റെ നിലവിലെ ഇക്കോടൂറിസം നയം കരട് വന നയത്തിലെ നിബന്ധനകൾ അനുസരിച്ചുള്ളതാണ്. പരിസ്ഥിതി വിദ്യാഭ്യാസം, വനപരിസ്ഥിതി സംരക്ഷണം, സമൂഹത്തിന്റെ ജീവനോപാധി വർദ്ധനവ് എന്നിവ ഇപ്പോൾ നിലവിലുള്ള നയത്തിന്റെ ഭാഗമാണ്. |

Latheef

സെക്ഷൻ ഓഫീസർ